സ്വകാര്യ കോളേജുകളിലെ അനദ്ധ്യാപക തസ്തികകളിലെ സ്റ്റാഫ് പാറ്റേൺ പരിഷ്കരിക്കുന്നതിന് നടപടി

16 (*396) ശ്രീ. ഇ. എം. അഗസ്തി :
ശ്രീ. അടൂർ പ്രകാശ് :
പ്രൊഫ. സാവിത്രി ലക്ഷ്മണൻ :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീമതി രാധാ രാഘവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്രീഡിഗ്രി കോളേജുകളിൽനിന്നും വേർപെടുത്തിയതിനെ തുടർന്ന് സ്വകാര്യ കോളേജുകളിലെ അനദ്ധ്യാപക തസ്തികകളിലെ സ്റ്റാഫ് പാറ്റേൺ പരിഷ്ക്കരിക്കുന്നത് സംബന്ധിച്ച് നിയോഗിച്ച കമ്മിറ്റിയുടെ റിപ്പോർട്ട് സർക്കാരിന് സമർപ്പിച്ചത് എന്നാണ് ;

(ബി) ഇതിന്മേൽ എന്തെങ്കിലും നടപടി സ്വീകരിച്ചുവോ ; വിശദമാക്കാമോ ;

(സി) വർഷങ്ങളായി പുതിയ നിയമനങ്ങൾക്കോ പ്രൊമോഷൻ ലഭിക്കേണ്ടവർക്ക് പ്രൊമോഷൻ ലഭിക്കുന്നതിനോ അംഗീകാരം ലഭിക്കാതെ അനദ്ധ്യാപക ജീവനക്കാർ ബുദ്ധിമുട്ടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) സ്റ്റാഫ് പാറ്റേൺ പരിഷ്കരണ കമ്മിറ്റിയുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ പ്രസ്തുത വിഭാഗം ജീവനക്കാരുടെ ബുദ്ധിമുട്ടുകൾ ഒഴിവാക്കുന്നതിനാവശ്യമായ അടിയന്തിര നടപടി സ്വീകരിക്കുമോ ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. നാലകത്ത് സൂപ്പി) :

(എ) സ്വകാര്യ കോളേജുകളിലെ അനദ്ധ്യാപക തസ്തികകളിലെ സ്റ്റാഫ് പാറ്റേൺ പരിഷ്കരിക്കുന്നത് സംബന്ധിച്ച് സർക്കാർ രണ്ട് കമ്മിറ്റികളെ നിയോഗിച്ചിരുന്നു. 26-11-01-ലെ ജി.ഒ. (എം.എസ്.) 158/01/ഉവിവ എന്ന ഉത്തരവ് പ്രകാരം നിയമിച്ച കമ്മിറ്റിയുടെ റിപ്പോർട്ട് 18-4-2002-ലും 19-9-2002-ലെ ജി.ഒ. (എം. എസ്.) 126/02/ഉവിവ എന്ന ഉത്തരവ് പ്രകാരം നിയമിച്ച കമ്മിറ്റിയുടെ റിപ്പോർട്ട് 1-2-2003-ലും സർക്കാരിന് ലഭിച്ചു.

(ബി) ആദ്യ കമ്മിറ്റിയുടെ റിപ്പോർട്ടിനെ സംബന്ധിച്ച് സർക്കാർ അനദ്ധ്യാപക ജീവനക്കാരുടെ വിവിധ സർവ്വീസ് സംഘടനാ പ്രതിനിധികളുമായി 6-6-2002-ൽ ചർച്ച നടത്തി. റിപ്പോർട്ടിലെ ശുപാർശകളെ സംബന്ധിച്ച് സംഘടനാ പ്രതിനിധികൾ ചർച്ചാവേളയിൽ ചില ഭേദഗതികൾ നിർദ്ദേശിച്ചതിനെ തുടർന്ന് റിപ്പോർട്ടിന്മേൽ തീരുമാനമെടുക്കാൻ കഴിഞ്ഞില്ല. സംഘടനാ പ്രതിനിധികൾ ഉന്നയിച്ച ആവശ്യങ്ങൾ പരിശോധിക്കുന്നതിനുവേണ്ടി രണ്ടാമത്തെ കമ്മിറ്റിയെ നിയമിച്ചു. പ്രസ്തുത കമ്മിറ്റി സമർപ്പിച്ച റിപ്പോർട്ടിലെ ശുപാർശകൾ സർക്കാർ വിശദമായി പരിശോധിച്ചുവരുന്നു. ഇത് സംബന്ധിച്ച് അന്തിമ തീരുമാനം കൈക്കൊണ്ടിട്ടില്ല.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) സ്റ്റാഫ് പാറ്റേൺ പരിഷ്ക്കരണ കമ്മിറ്റികളുടെ ശുപാർശകൾ സർക്കാർ വിശദമായി പരിശോധിച്ചുവരുന്നു. ഇത് സംബന്ധിച്ച ഉത്തരവ് താമസംവിനാ പുറപ്പെടുവിക്കാനാകുമെന്ന് പ്രതീക്ഷിക്കുന്നു.

എസ്.സി.ഇ.ആർ.ടി. -യുടെ കീഴിലുള്ള ഓപ്പൺ സ്കൂൾ നടത്തിപ്പിലെ ക്രമക്കേടുകൾ

17 (*397) ശ്രീ. എ. കെ. ബാലൻ :
ശ്രീ. കെ. രാധാകൃഷ്ണൻ :
ശ്രീ. രാജുഎബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എസ്.സി.ഇ.ആർ.ടി. യുടെ കീഴിലുള്ള ഓപ്പൺ സ്കൂൾ നടത്തിപ്പിലെ പാകപ്പിഴകളും ക്രമക്കേടുകളും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇവ പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. നാലകത്ത് സൂപ്പി) :

(എ) എസ്.സി.ഇ.ആർ.ടി. യുടെ കീഴിൽ പ്രവർത്തിക്കുന്ന കേരളാ സ്റ്റേറ്റ് ഓപ്പൺ സ്കൂളിന്റെ പ്ലസ് വൺ പരീക്ഷാ നടത്തിപ്പിൽ ചില പാകപ്പിഴകൾ ഉണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഓപ്പൺ സ്കൂളിന്റെ ജില്ലാ ഓഫീസ് ഭാരവാഹികളുമായി ബന്ധപ്പെട്ട് ഇത്തരം പാകപ്പിഴകൾ ആവർത്തിക്കാതിരിക്കാൻവേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

എൻജിനീയറിംഗ് കോളേജ് പ്രവേശനത്തിനുള്ള കൗൺസിലിംഗ്

18 (*398) ശ്രീ. കെ. സി. വേണുഗോപാൽ :
ശ്രീ. ജോർജ് ജെ. മാത്യു :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. എ. പി. അനിൽ കുമാർ :
ശ്രീ. തമ്പാനൂർ രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എൻജിനീയറിംഗ് പ്രവേശനത്തിനുള്ള ഈ വർഷത്തെ കൗൺസിലിംഗ് തുടങ്ങിയതെന്നാണ് ;

(ബി) പ്രസ്തുത തീയതിയിൽ സ്വാശ്രയ എൻജിനീയറിംഗ് കോളേജുകളിലെ മെരിറ്റ് മാനേജ്മെന്റ് സീറ്റുകളിൽ വാർഷിക ഫീസ് എത്രയാണ് നിശ്ചയിച്ചിരുന്നത്, പിന്നീട് ഫീസ് എത്രയായി കുറച്ചു ;

(സി) ഉയർന്ന ഫീസ് നിർണ്ണയിച്ചതുമൂലം സ്വാശ്രയ എൻജിനീയറിംഗ് കോളേജുകളിലെ മെരിറ്റ് സീറ്റുകളിലേക്കുള്ള കൗൺസിലിംഗിൽ ആരെങ്കിലും പങ്കെടുക്കാതിരുന്നിട്ടുണ്ടോ ; ഉണ്ടെങ്കിൽ എത്രപേർ ഇപ്രകാരം കൗൺസിലിംഗിന്

LIBRARY ARCHIVES Kerala Legislative Assembly